# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5303** 26-03-2018-ൽ മറുപടി നൽകേണ്ടത്

**<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ വളർച്ചയ്ക്കായുള്ള നടപടികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. കെ. ശശി<br>ശ്രീ. ആന്റണി ജോൺ : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ കേരളം വ്യാപ്തിയിലും ഗുണമേന്മയിലും മറ്റു സംസ്ഥാനങ്ങൾക്ക് വഴികാട്ടിയായിരിക്കുമ്പോഴും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിത ഔന്നത്യം പുലർത്താനായിട്ടുണ്ടോ എന്നത് പരിശോധിക്കുമോ; | എ) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുള്ള സർവ്വോത്മുഖമായ വികസനപ്രവർത്തനങ്ങളിലൂടെയും, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള പുതുക്കിയ പാഠ്യപദ്ധതിയിലൂടെ അക്കാദമിക മികവ് വർദ്ധിപ്പിച്ചും ഉന്നതവിദ്യാഭ്യാസമേഖല പുരോഗതിയുടെ പാതയിലാണ്. സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി വിവിധ തലങ്ങളിലുള്ള കാര്യക്ഷമമായ വികസനപ്രക്രിയകൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. കൂടാതെ, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നൂതനമായ ഗവേഷണ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതു വഴി ഉന്നത വിദ്യാഭ്യാസമേഖല ഔന്നിത്യം പുലർത്തുന്നു. |

| | |
|---|---|
| ബി) സർവകലാശാല വകുപ്പുകളിലും സർക്കാർ കോളേജുകളിലും അധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സത്വരനടപടി സ്വീകരിക്കുമോ; | ബി) ഒഴിവുകൾ സമയബന്ധിതമായി കേരള പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. |
| സി) അധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനും വിദേശ സർവകലാശാലകളിൽ നിന്നുൾപ്പെടെയുള്ള വിഷയവിദഗ്ധരുടെ അറിവ് ഉപയോഗിക്കുവാനും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സി) ഉണ്ട്.<br>വിവിധ സർവകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകരുടെ നിലവാരം ഉയർത്തുവാനായി Orientation പ്രോഗ്രാമുകളും റിഫ്രഷർ കോഴ്സുകളും സംഘടിപ്പിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഗുണാഭിവൃദ്ധി പദ്ധതി (ടെക്വീപ്), ഫാക്കൽറ്റി & സ്റ്റാഫ് ഡെവലപ്മെന്റ് ട്രെയിനിംഗ്, എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ചുള്ള ഗവേഷണ കേന്ദ്രങ്ങൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി), ദേശീയ/അന്തർദേശീയ സെമിനാറുകൾ, ശില്പശാലകൾ, കൊളോക്കിയങ്ങൾ മുതലായവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉന്നത സാങ്കേതിക പരിജ്ഞാനം നേടുന്നതിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതാണ്. കൂടാതെ, ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള താഴെപ്പറയുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:-<br>1. ഗ്രാജ്യുയെറ്റ് ആട്രിബ്യൂട്സ് ആന്റ് ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ |

| | |
|---|---|
| | 2. അക്കാദമിക വോളന്റിയർ ബാങ്ക്<br>3. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം<br>4. എറുഡൈറ്റ് പദ്ധതികൾ<br>5. ബ്രെയിൻ ഗെയിൻ സമീപനം<br>6. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് Moulding the Guru പ്രോഗ്രാമിന്റെ കീഴിലും സർവ്വീസിൽ ഉള്ള അദ്ധ്യാപകർക്ക് Pruning the Guru പ്രോഗ്രാമിന്റെ കീഴിലും പരിശീലനം നൽകുന്നു. കൂടാതെ അദ്ധ്യാപകർക്ക് അവരുടെ വിഷയങ്ങളിൽ അധിഷ്ഠിതമായ പരിശീലനം നൽകാൻ Nourshing the Guru പ്രോഗ്രാം എന്ന നൂതന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>ഇതോടൊപ്പം വിദേശ സർവ്വകലാശാലകളിലെ വിവിധ വിദഗ്ദ്ധരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയും അധ്യാപന നിലവാരം ഉയർത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**